സി.ജി(2)50175/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 01/02/2011.

Email : keralarcs@co-op.kerala.gov.in
*Website : www co-operation. kerala.gov.in*
Tel : No. 0471 2330726

# സർക്കുലർ നമ്പർ 12/2011

വിഷയം: സഹകരണ വകുപ്പ് – മത്സ്യതൊഴിലാളി കടാശ്വാസം –സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യതൊഴിലാളികൾ എടുത്ത വായ്പകൾക്ക് കടാശ്വാസം – പുതുക്കിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന: 1. 6–12–2010–ലെ സ.ഉ.(പി) 91/2010 മതുവ/നമ്പർ ഉത്തരവ്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 3–1–11–ലെ 1/11 നമ്പർ സർക്കുലർ.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യതൊഴിലാളികൾ എടുത്തിരുന്ന കടങ്ങൾക്ക് കടാശ്വാസം അനുവദിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന(2) പ്രകാരം നൽകിയിരുന്നു. ടി സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് കൂടുതൽ വ്യക്തത നൽകണമെന്ന് ചില ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ പരാമർശിക്കുന്നു.

1. 1995 ഡിസംബർ 31 വരെ മത്സ്യതൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളിൽ മുതലും പലിശയുമായി 50% തുകയെങ്കിലും തിരികെ അടച്ച മത്സ്യതൊഴിലാളികളുടെ അക്കൗണ്ടുകൾ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ അവസാനിപ്പിക്കേണ്ടതാണ്.

   <u>മാതൃക</u> : 5000/– രൂപ വായ്പ എടുത്തിരുന്ന ഒരാൾ മുതലും പലിശയുമായി 2,500/– രൂപയെങ്കിലും തിരികെ അടച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വായ്പാകണക്ക് അവസാനിപ്പിക്കേണ്ടതും, സർക്കാർ കടാശ്വാസത്തിനായി പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.

എന്നാൽ 5,000/- രൂപ വായ്പ എടുത്തിരുന്ന ഒരാൾ മുതലും പലിശയുമായി 2,000/- രൂപ മാത്രമാണ് തിരികെ അടച്ചിട്ടുള്ളതെങ്കിൽ ടിയാന് 500/- രൂപ കടാശ്വാസമായി അനുവദിച്ച് വായ്പാകണക്ക് അവസ്സാനിപ്പിക്കേണ്ടതും ടി 500/- രൂപ ബാങ്കിന് സർക്കാരിൽ നിന്നും ക്ലയിം ചെയ്യാവുന്നതുമാണ്.

2 ലക്ഷം രൂപ വായ്പ എടുത്തിരുന്ന ഒരാൾ മുതലും പലിശയുമായി പതിനായിരം രൂപ തിരികെ അടച്ചിട്ടുണ്ടെങ്കിൽ ടി വായ്പയ്ക്ക് പരമാവധി കടാശ്വാസ തുകയായ 75,000/- രൂപ അനുവധിക്കാവുന്നതും ടി തുക സംഘത്തിന്/ബാങ്കിന് സർക്കാരിൽ നിന്നും ക്ലയിം ചെയ്യാവുന്നതുമാണ്. ബാക്കി 15,000/- രൂപ ( 2 ലക്ഷം രൂപയുടെ 50 ശതമാനത്തിൽ ബാക്കിയുള്ളത്) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പക്കാരനിൽ നിന്നും ഈടാക്കി വായ്പാ കണക്ക് അവസ്സാനിപ്പിക്കാവുന്നതാണ്.

2. 1996 ജനുവരി 1 മുതൽ 2000 ഡിസംബർ 31 വരെ മത്സ്യതൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളിൽ മുതലും പലിശയുമായി 75 ശതമാനം തുകയെങ്കിലും തിരികെ അടച്ച അക്കൗണ്ടുകൾ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ അവസ്സാനിപ്പിക്കേണ്ടതാണ്.

<u>മാതൃക</u> : 5000/- രൂപ വായ്പ എടുത്തിരുന്ന ഒരാൾ മുതലും പലിശയുമായി 3,750/- രൂപയെങ്കിലും തിരികെ അടച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വായ്പാ കണ്ക്ക് അവസ്സാനിപ്പിക്കേണ്ടതും, സർക്കാർ കടാശ്വാസത്തിനായി പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.

എന്നാൽ 5,000/- രൂപ വായ്പ എടുത്തിരുന്ന ഒരാൾ മുതലും പലിശയുമായി 3,000/- രൂപ മാത്രമാണ് തിരികെ അടച്ചിട്ടുള്ളതെങ്കിൽ ടിയാന് 750/- രൂപ കടാശ്വാസമായി അനുവദിച്ച് വായ്പാകണക്ക് അവസ്സാനിപ്പിക്കേണ്ടതും ടി 750/- രൂപ ബാങ്കിന് സർക്കാരിൽ നിന്നും ക്ലയിം ചെയ്യാവുന്നതുമാണ്.

2 ലക്ഷം രൂപ വായ്പ എടുത്തിരുന്ന ഒരാൾ മുതലും പലിശയുമായി 50,000/- രൂപ തിരികെ അടച്ചിട്ടുണ്ടെങ്കിൽ ടി വായ്പയ്ക്ക് പരമാവധി കടാശ്വാസ തുകയായ 75,000/- രൂപ അനുവധിക്കാവുന്നതും ടി തുക സംഘത്തിന്/ബാങ്കിന് സർക്കാരിൽ നിന്നും ക്ലയിം ചെയ്യാവുന്നതുമാണ്. ബാക്കി 25,000/- രൂപ ( 2 ലക്ഷം രൂപയുടെ 75 ശതമാനത്തിൽ ബാക്കിയുള്ളത്) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പക്കാരനിൽ നിന്നും ഈടാക്കി വായ്പാ കണക്ക് അവസ്സാനിപ്പിക്കാവുന്നതാണ്.

3. 2001 ജനുവരി 1 മുതൽ മത്സ്യതൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളിൽ അസ്സൽ മുതലിന്റെ 150 ശതമാനത്തിലെങ്കിലും അധിക തുക തിരികെ അടച്ച അക്കൗണ്ടുകൾ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ അവസ്സാനിപ്പിക്കേണ്ടതാണ്.

മാതൃക : 5000/- രൂപ വായ്പ എടുത്തിരുന്ന ഒരാൾ മുതലും പലിശയുമായി 7,500/- രൂപയെങ്കിലും തിരികെ അടച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വായ്പാ കണ്ക്ക് അവസ്സാനിപ്പിക്കേണ്ടതും, സർക്കാർ കടാശ്വാസത്തിനായി പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു.

എന്നാൽ 5,000/- രൂപ വായ്പ എടുത്തിരുന്ന ഒരാൾ മുതലും പലിശയുമായി 6,000/- രൂപ മാത്രമാണ് തിരികെ അടച്ചിട്ടുള്ളതെങ്കിൽ ടിയാന് പരമാവധി 1,500/- രൂപ കടാശ്വാസമായി അനുവദിച്ച് വായ്പാകണക്ക് അവസ്സാനിപ്പിക്കേണ്ടതും ടി 1,500/- രൂപ ബാങ്കിന് സർക്കാരിൽ നിന്നും ക്ലയിം ചെയ്യാവുന്നതുമാണ്.

2 ലക്ഷം രൂപ വായ്പ എടുത്തിരുന്ന ഒരാൾ മുതലും പലിശയുമായി ആകെ ഒരു ലക്ഷം രൂപ തിരികെ അടച്ചിട്ടുണ്ടെങ്കിൽ ടി വായ്പയ്ക്ക് പരമാവധി കടാശ്വാസ തുകയായ 75,000/- രൂപ അനുവധിക്കാവുന്നതും ടി തുക സംഘത്തിന്/ബാങ്കിന് സർക്കാരിൽ നിന്നും ക്ലയിം ചെയ്യാവുന്നതുമാണ്. ബാക്കി ഒന്നേകാൽ(1.25) ലക്ഷം രൂപ ( 2 ലക്ഷം രൂപയുടെ 150 ശതമാനത്തിൽ ബാക്കിയുള്ളത്) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പക്കാരനിൽ നിന്നും ഈടാക്കി വായ്പാ കണക്ക് അവസ്സാനിപ്പിക്കാവുന്നതാണ്.

4. സഹകരണ സംഘങ്ങൾ/ബാങ്കുകൾ ടി വിഭാഗക്കാർക്ക് 1-1-2001 മുതൽ 31-12-2007 വരെ വിതരണം ചെയ്തിരുന്ന കടങ്ങൾക്ക് മേൽ പരാമർശ ആനുകൂല്യത്തിന് (മുതൽ) പുറമേ 31-12-2009-ൽ ബാക്കി നിൽക്കുന്ന പലിശ തുകയുടെ 25 ശതമാനം പലിശ തുക കൂടി സംഘങ്ങൾക്ക്/ബാങ്കുകൾക്ക് കടാശ്വാസമായി സർക്കാരിൽ നിന്നും ക്ലയിം ചെയ്യാവുന്നതാണ്.

ആനുകൂല്യത്തിന് അർഹതപ്പെട്ട തുക സംബന്ധിച്ച പ്രൊപ്പോസൽ 10-2-2011 നകം ബന്ധപ്പെട്ട ജില്ലാ ആഡിറ്റ് വിഭാഗം ജോയിന്റ് ഡയറക്ടർമാർ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

ടി നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളുടേയും/ബാങ്കുകളുടേയും, വകുപ്പുതല ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്കും
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
3. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
4. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും.
5. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ മുഖേന)
6. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
8. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
10. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. സ്റ്റോക്ക് ഫയൽ/സ്പെയർ
13. വെബ്സൈറ്റ്.

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)

കെഎസ്